**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1181** **18-09-2025 - ൽ മറുപടിയ്ക്ക്**

**സൗജന്യ കുടിവെള്ള വിതരണം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. ചാണ്ടി ഉമ്മൻ</td><td colspan="2">ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>മുൻഗണനാ വിഭാഗങ്ങൾക്ക് സൗജന്യമായി കുടിവെള്ള വിതരണം നടത്തുന്നതിന് പ്രതിമാസം എത്ര തുകയാണ് ജല അതോറിറ്റിക്ക് ചെലവ് വരുന്നതെന്ന് വ്യക്തമാക്കുമോ;</td><td>(എ)</td><td>മുൻഗണനാ വിഭാഗങ്ങൾക്ക് സൗജന്യമായി കുടിവെള്ള വിതരണം നടത്തിയതിന് 2024 ൽ ശരാശരി 7.86 കോടി രൂപയാണ് പ്രതിമാസം ചെലവായത്.</td></tr>
<tr><td>(ബി)</td><td>ജൽ ജീവൻ മിഷൻ പദ്ധതി നടപ്പിലാക്കിയതോടെ സൗജന്യ ഉപഭോക്താക്കളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടോ; മുൻകാലങ്ങളിൽ നിന്നും എത്ര തുക അധികമായി ഈയിനത്തിൽ ചെലവഴിക്കേണ്ടി വരുന്നു; വ്യക്തമാക്കുമോ;</td><td>(ബി)</td><td>ജൽ ജീവൻ മിഷൻ പദ്ധതി നടപ്പിലാക്കിയതോടെ സൗജന്യ ഉപഭോക്താക്കളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്.<br><br>
<table>
<tr><th>വർഷം</th><th>BPL സബ്സിഡി നൽകിയ ഇനത്തിൽ ചെലവഴിക്കേണ്ടി വന്ന തുക (കോടിയിൽ)</th><th>മുൻ വർഷത്തേക്കാൾ അധികമായി ചെലവഴിക്കേണ്ടി വന്ന തുക (കോടിയിൽ)</th></tr>
<tr><td>2021</td><td>12.90</td><td>-----</td></tr>
<tr><td>2022</td><td>16.40</td><td>3.49</td></tr>
<tr><td>2023</td><td>57.30</td><td>40.90</td></tr>
<tr><td>2024</td><td>94.28</td><td>36.98</td></tr>
</table></td></tr>
<tr><td>(സി)</td><td>സംസ്ഥാന ബജറ്റിൽ ഈയിനത്തിലുള്ള ചെലവിനായി തുക വകയിരുത്തിയിട്ടുണ്ടോ; അല്ലെങ്കിൽ ഇതിനായി എന്തെങ്കിലും ഗ്രാന്റ് അനുവദിക്കുന്നുണ്ടോ; വിശദമാക്കുമോ;</td><td>(സി)</td><td>സംസ്ഥാന ബജറ്റിൽ ഈയിനത്തിലുള്ള ചെലവിനായി തുക വകയിരുത്തിയിട്ടില്ല. ഇതിനായി ഗ്രാന്റ് അനുവദിക്കുന്നില്ല. ബി.പി.എൽ ഉപഭോക്താക്കൾക്ക് 2008 മുതൽ 2024 (05/24 വരെ ) വരെ സബ്സിഡി ഇനത്തിൽ നൽകിയ 123.88 കോടി രൂപ, വാട്ടർ അതോറിറ്റി KSEBL-ന് വൈദ്യുതി കുടിശ്ശികയായി നൽകേണ്ട 2068 കോടി രൂപയിൽ നിന്നും കുറവ് ചെയ്തു നൽകുന്നത് പരിഗണിക്കാവുന്നതാണ് എന്ന് WS-B2/94/2024-WRD കത്ത് പ്രകാരം സർക്കാർ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. സൗജന്യ കുടിവെള്ള വിതരണത്തിനായി നിലവിൽ ജല അതോറിറ്റിക്കുള്ള ചെലവ് ജല വിതരണത്തിന്റെ റവന്യൂ വരുമാനത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്.</td></tr>
</table>

| | | | |
|---|---|---|---|
| (ഡി) | സൗജന്യ കുടിവെള്ള വിതരണത്തിനായി നിലവിൽ ജല അതോറിറ്റിക്കുള്ള ചെലവ് എപ്രകാരമാണ് കണ്ടെത്തുന്നതെന്ന് വിശദമാക്കുമോ; തുക അപര്യാപ്തമെങ്കിൽ ഇതിനായി സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | സംസ്ഥാന ബജറ്റിൽ ഈയിനത്തിലുള്ള ചെലവിനായി തുക വകയിരുത്തിയിട്ടില്ല. ഇതിനായി ഗ്രാന്റ് അനുവദിക്കുന്നില്ല. ബി.പി.എൽ ഉപഭോക്താക്കൾക്ക് 2008 മുതൽ 2024 (05/24 വരെ ) വരെ സബ്സിഡി ഇനത്തിൽ നൽകിയ 123.88 കോടി രൂപ, വാട്ടർ അതോറിറ്റി KSEBL-ന് വൈദ്യുതി കുടിശ്ശികയായി നൽകേണ്ട 2068 കോടി രൂപയിൽ നിന്നും കുറവ് ചെയ്തു നൽകുന്നത് പരിഗണിക്കാവുന്നതാണ് എന്ന് WS-B2/94/2024-WRD കത്ത് പ്രകാരം സർക്കാർ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. സൗജന്യ കുടിവെള്ള വിതരണത്തിനായി നിലവിൽ ജല അതോറിറ്റിക്കുള്ള ചെലവ് ജല വിതരണത്തിന്റെ റവന്യൂ വരുമാനത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്. |

സെക്ഷൻ ഓഫീസർ